**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2310** **06-07-2022 - ൽ മറുപടിയ്ക്ക്**

**ട്രാക്ക് ആന്റ് ട്രേയ്സ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കള്ളിന്റെ ഉല്പാദനവും വിതരണവും നിരീക്ഷിക്കുന്നതിനായും കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായും ട്രാക്ക് ആന്റ് ട്രേയ്സ് സംവിധാനം നടപ്പിലാക്കിയോ; പ്രസ്തുത സംവിധാനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കള്ളിന്റെ ഉല്പാദനവും വിതരണവും നിരീക്ഷിക്കുന്നതിനായും കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായും ട്രാക്ക് ആന്റ് ട്രേയ്സ് സംവിധാനം നടപ്പിലാക്കുന്നതിനായി പ്രാരംഭ നടപടികൾ നടന്നു വരുന്നു. സർക്കാർ മേഖലയിലെ IIITMK, CMD Kerala എന്നിവരുമായി സഹകരിച്ച് ടി പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ ചർച്ചകൾ പുരോഗമിക്കുന്നു. കള്ള് ഉല്പാദനം നടത്തുന്ന തോട്ടത്തിൽ നിന്നും അത് വിൽക്കുന്ന കള്ളുഷാപ്പ് വരെ ഉള്ള കള്ളിന്റെ നീക്കം നിരീക്ഷിക്കുവാനും കള്ളിൽ മായം ചേർക്കുന്നത് തടയുവാനും ഉള്ള രീതിയിലാണ് ട്രാക്ക് ആന്റ് ട്രേയ്സ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഗോത്രമേഖലയിൽ പുതിയ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | **പാലോട് (തിരുവനന്തപുരം), ആറളം (കണ്ണൂർ), ചിറ്റൂർ (പാലക്കാട്), വൈത്തിരി (വയനാട്), സുൽത്താൻ ബത്തേരി (വയനാട്) എന്നീ സ്ഥലങ്ങളിൽ 5 ജനമൈത്രി എക്സൈസ് സ്ക്വാഡുകളും അതിനാവശ്യമായ പുതിയ തസ്തികകളും സൃഷ്ടിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ശുപാർശയും, എറണാകുളം ജില്ലയിലെ കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ കേന്ദ്രീകരിച്ച് 23 തസ്തികകൾ ഉൾപ്പെടുത്തി ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ ശുപാർശയും സർക്കാർ വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ടി ശുപാർശകൾ പരിഗണിക്കുവാൻ കഴിയുകയില്ല എന്ന് എക്സൈസ് കമ്മീഷണറെ അറിയിച്ച് തീർപ്പാക്കിയിട്ടുമുണ്ട്.** |

സെക്ഷൻ ഓഫീസർ